# എടക്കൽ ഗുഹാ സംരക്ഷണ സമരത്തിന്റെ
# 30 – ാം വാർഷികം

പ്രിയ സുഹൃത്തെ,

എടക്കൽ ചിത്രങ്ങൾ വയനാടിന്റേയോ, കേരളത്തിന്റേയോ, ഇന്ത്യയുടെ മാത്രമോ പൈതൃകമല്ല. അത് ലോകം മുഴുവനുമുള്ള മനുഷ്യരുടെ പൊതുസ്വത്താണ്. അനിയന്ത്രിതമായ കരിങ്കൽ ക്വാറികളും സന്ദർശകരുടെ, ഇടപെടലുകളും, മദ്യപാൻമാരുടെയും സാമൂഹ്യവിരുദ്ധരുടേയും, താവളമായി നാശോന്മുഖമായിക്കൊണ്ടിരുന്ന മഹത്തായ ഈ പൈതൃകത്തെ വീണ്ടെടുത്ത് സംരക്ഷിക്കാൻ വയനാട് പ്രകൃതി സംരക്ഷണ സമതിയുടെ നേതൃത്വത്തിൽ രൂപീകൃതമായ എടക്കൽ ഗുഹാ സംരക്ഷണ സമിതി കേരളത്തിലെ പ്രമുഖ ചരിത്രകാരന്മാരുടെയും സാംസ്ക്കാരിക പ്രവർത്തകരുടെയും പിന്തുണയോടെ നടത്തിയ സമരപ്രക്ഷോഭങ്ങൾക്ക് 30 വർഷം തികയുകയാണ്.

വലിയ ഭീഷണികൾ നേരിട്ട് സംരക്ഷിക്കപ്പെട്ട ഈ അമൂല്യ പൈതൃകത്തെ അർഹമാംവിധം സംരക്ഷിക്കുവാനോ, അതിന്റെ പ്രധാന്യം ഉയർത്തിക്കാണിക്കുവാനോ പിന്നീട് ഗുഹ ഏറ്റെടുത്ത വയനാട് ടൂറിസം പ്രമോഷൻ കൗൺസിലോ സർക്കാറുകളോ ശ്രമിച്ചിട്ടില്ല. ചരിത്ര സമ്പത്തുകളുടെ അനർഘഖനിയായ വയനാടിന്റെ ചരിത്ര പഠനത്തിനും ഗവേഷണത്തിനും മാത്രമല്ല സംരക്ഷണത്തിനും ഊന്നൽ നൽകുന്ന ഒരു ചരിത്ര മ്യൂസിയം അനിവാര്യമായിരുന്നു. എടക്കൽ ഗുഹാ സംരക്ഷണ സമരത്തിന്റെ വിജയത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ട് ഡോ. എം.ആർ. രാഘവ വാര്യരുടെ നേതൃത്തിൽ അന്നത്തെ വയനാട് ജില്ലാ കലക്ടർ ശ്രീ. രവീന്ദ്രൻ തമ്പിയുടെയും വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രവർത്തകരുടെയും അക്ഷീണമായ ശ്രമഫലമായി സംഭരിക്കപ്പെട്ട ചരിത്ര ശേഖരങ്ങളുടെ ഹെറിറ്റേജ് മ്യൂസിയത്തിന്റെ പൂർത്തീകരിക്കപ്പെട്ട ആദ്യഘട്ടത്തിൽനിന്നും ഒരടി മുന്നോട്ട് പോകാതെ ചരിത്രവുമായി പുലബന്ധമില്ലാത്ത ഡി.റ്റി.പി.സി.യുടെ മറ്റൊരു കറവപ്പശുവായി തുടരുകയാണ്. ഇനിയും സംരക്ഷണം അർഹിക്കുന്ന അനേകം ചരിത്ര ശേഷിപ്പുകൾ വയനാട്ടിൽ അന്യം നിന്നുതൊണ്ടിരിക്കുകയാണ്.

കഴിഞ്ഞ കാലങ്ങളേക്കുറിച്ചുള്ള ഓർമകൾ വർത്തമാനത്തെയും ഭാവിയേയും രൂപപ്പെടുത്തുന്നതിന് സഹായകമാകുമെന്നുള്ളതുകൊണ്ടാണ് പ്രമുഖരായ ചരിത്രകാരൻമാരെയും സാംസ്ക്കാരിക പ്രവർത്തകരെയു പങ്കെടുപ്പിച്ചുകൊണ്ട് ഒരു സെമിനാർ 2017 ജനുവരി 7, 8 തിയ്യതികളിൽ അമ്പലവയൽ മൗണ്ട് അവന്യുവിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചത്.

എന്ന് സ്വാഗതസംഘത്തിനുവേണ്ടി

എം. ഗംഗാധരൻ (ചെയർമാൻ) തോമസ് അമ്പലവയൽ (കൺവീനർ)

തിയ്യതി – 21 – 12 – 2016
സ്ഥലം – അമ്പലവയൽ

281801

General Secretary
Wayanad Prakrithi
Samrakshana Samiti
Sulthan Bathery
Wayanad – 673 592
Kerala, India

To

ശ്രീ എം. ഗംഗാധരൻ
വിജയ ഹയർ സെക്കണ്ടറി സ്കൂൾ
പുൽപള്ളി.
വയനാട്.